"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ (ഇകെഎം)1217/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2079/2023/LSGD തീയതി,തിരുവനന്തപുരം, 24-10-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023ലെ LSGD/PD/1224/2023-DED1- (Part 1) നമ്പർ നടപടിക്രമം
2. ശ്രീ.രാജേഷ് വി എം സമർപ്പിച്ച 30.06.2023ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ4)
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ (ഇകെഎം)1217/2023 നമ്പർ കേസിലെ 20.07.2023ലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.09.2023ലെ LSGD/PD/48711/2023-DEB3 നമ്പർ കത്ത്

**ഉത്തരവ്**

ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ.രാജേഷ് വി എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ (ഇകെഎം)1217/2023 നമ്പർ കേസിലെ പരാമർശം (3) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ടി ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ പരാമർശം (2) പ്രകാരമുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച് 2ാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

പരാമർശം (1) പ്രകാരമുള്ള പൊതുസ്ഥലം മാറ്റ ഉത്തരവിൽ ഹർജികക്ഷി ഓപ്ഷൻ നൽകിയ ചേളന്നൂർ പഞ്ചായത്ത്, നരിക്കുനി പഞ്ചായത്ത്, ചേളന്നൂർ ബ്ലോക്ക് ഓഫീസ് എന്നീ ഓഫീസുകളിൽ ഒഴിവുണ്ടായിട്ടും അപേക്ഷകനെക്കാൾ തസ്തികയിൽ സർവ്വീസ് സീനിയോരിറ്റി കുറവായ ജീവനക്കാരെയാണ് ടി സ്റ്റേഷനുകളിലേക്ക് പരിഗണിച്ചിരിക്കുന്നതെന്നും, നാളിതുവരെ വിദൂര സ്ഥലങ്ങളിൽ മാത്രമാണ് ജോലി ചെയ്തതെന്ന കാര്യം പരിഗണിച്ച് മാനുഷിക പരിഗണനക്ക് വിധേയമാക്കി അപേക്ഷകൻ ഓപ്ഷൻ നൽകിയിരുന്നത് പ്രകാരം സ്ഥലംമാറ്റം അനുവദിക്കണമെന്നുമാണ് പരാമർശം (2) പ്രകാരമുള്ള അപ്പീൽ അപേക്ഷയിലെ ആവശ്യം.

സൂചന(1) പ്രകാരമുള്ള അന്തിമ സ്ഥലമാറ്റ ഉത്തരവ് പ്രകാരം ശ്രീ രാജേഷ് വി.എം-ന് ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിലാണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നും സ്ഥലമാറ്റ കരട് ലിസ്റ്റിൽ ടിയാന്റെ ക്യൂലിസ്റ്റ് നമ്പർ 63 ആണ് എന്നും അപേക്ഷകൻ സ്ഥലംമാറ്റത്തിന് ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ ടിയാളെക്കാൾ സ്റ്റേഷൻ സീനിയോറിറ്റിയും ഇൻ സ്റ്റേഷൻ സീനിയോറിറ്റിയും കൂടുതലുള്ള ജീവനക്കാർക്ക് ആണ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതെന്നും ഓപ്ഷനിൽപ്പെട്ട മറ്റ് സ്റ്റേഷനുകളിൽ ഒഴിവില്ലെന്നും പരാമർശം 4 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകാത്ത ജീവനക്കാർ സ്ഥലമാറ്റത്തിനു അപേക്ഷ

സമർപ്പിക്കുമ്പോൾ ആവശ്യപ്പെട്ട സ്റ്റേഷനിൽ സ്ഥലംമാറ്റം ലഭിച്ചില്ല എങ്കിൽ നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനു അനുമതി നൽകുന്ന സമ്മതപത്രം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരുന്നതാണെന്നും എന്നാൽ അപേക്ഷകൻ പ്രസ്തുത സമ്മതപത്രം വിനിയോഗിച്ചിട്ടില്ലാത്തതിനാലാണ് അപേക്ഷകനെ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കു സ്ഥലംമാറ്റിയിട്ടുള്ളതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി വിഷയം അപ്പീൽ കമ്മിറ്റിയും പരിശോധിക്കുകയും അപേക്ഷകൻ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി യഥാവിധി സമർപ്പിച്ചിട്ടില്ലാത്തതിനാൽ അപ്പീൽ അപേക്ഷ നിരസിക്കാൻ തീരുമാനിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്പീൽ കമ്മിറ്റി തീരുമാനപ്രകാരം അക്കൗണ്ടന്റ് ശ്രീ.രാജേഷ് വി എം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീ.രാജേഷ് വി എം , അക്കൗണ്ടന്റ് , ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.അഡ്വക്കേറ്റ് ജനറൽ , കേരള,തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
6.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.209/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-10-2023 10:41:13